**എൻഡോസൾഫാൻ പീഡിതരുടെ**
**പ്രശ്നങ്ങളിൽ ഇടപെട്ട് അന്വേഷണം നടത്തിയ**
**മനുഷ്യാവകാശ കമ്മീഷൻ മുന്നോട്ട് വച്ച**
**നിർദ്ദേശങ്ങളിൽ ചിലവ അടർത്തിമാറ്റിക്കൊണ്ട്**
**ഉത്തരവിറക്കി ദുരിതബാധിതരെ**
**കേരള സർക്കാർ വഞ്ചിച്ചിരിക്കുന്നുവെന്ന്**
**കെ. സഹദേവൻ**

# എൻഡോസൾഫാൻ ദുരിതമഴ തോരുന്നില്ല

**എൻഡോസൾഫാൻ** വിഷയം കേരളത്തിലെ മാധ്യമങ്ങൾക്കും ഭരണകൂടത്തിനും അടഞ്ഞഅദ്ധ്യായമാണ്. എൻഡോസൾഫാൻ പീഡിതരുടെ കദനകഥകളും മറ്റുമായി വൻകോലാഹലങ്ങൾ സൃഷ്ടിച്ച മാധ്യമങ്ങൾ വൈകാരിക സാധ്യതകൾ നിലനിൽക്കുന്ന പുതിയ മേച്ചിൽപ്പുറങ്ങൾ തേടിപ്പോയിരിക്കുന്നു. സർക്കാരിനെ സംബന്ധിച്ചിടത്തോളം പ്രഖ്യാപനങ്ങൾ നടത്തുക എന്നതിനപ്പുറം കാര്യമായൊന്നും ചെയ്യേണ്ടതില്ല എന്ന നിലപാടാണുള്ളത്. എന്നാൽ കാസർഗോട്ടെ പീഡിത ജനതയ്ക്ക് കാര്യങ്ങൾ പെട്ടെന്ന് ഒഴിവാക്കാൻ പറ്റുന്ന ഒന്നല്ല. കാരണം എൻഡോസൾഫാൻ അവർക്കു സമ്മാനിച്ച ദുരിതങ്ങൾ ജീവിതകാലം മുഴുവൻ അവരെ പിന്തുടരുന്നതാണ്, ഈയടുത്ത ദിവസങ്ങളിലാണ് സനദ് ഹുസൈൻ എന്ന കുട്ടി മരണമടഞ്ഞത്. സർക്കാർ കണക്കുകളിൽ ഒരുവേള സനദ്ഹുസൈനിന്റെ പേര് കാണാൻ കഴിഞ്ഞില്ലെന്നു വരാം. ഇത്തരത്തിൽ കണക്കിൽ പെടാത്ത, ദുരിതമനുഭവിക്കുന്നവരുടെ എണ്ണം എത്രയോ അധികമാണ്.



കാസർഗോഡ് എൻഡോസൾഫാൻ പീഡിതരുടെ പ്രശ്നങ്ങളിൽ ഇടപെട്ട് അന്വേഷണം നടത്തിയ മനുഷ്യാവകാശ കമ്മീഷൻ കേന്ദ്ര-കേരള സർക്കാരിന് മുമ്പിൽ പല നിർദ്ദേശങ്ങളും സമർപ്പിച്ചിരുന്നു. മരണമടഞ്ഞവരുടെയും ഗുരുതരമാ

യി രോഗം ബാധിച്ച് കിടപ്പിലായവരു ടെയും ബന്ധുക്കൾക്ക് 5ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകണമെന്ന നിർദ്ദേശമായിരുന്നു അതിൽ ഒന്നാമത്തേത്. എന്നാൽ 2010 ഡിസംബറിൽ സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സർക്കാർ ഇതുവരെയും തയ്യാറായിട്ടില്ല. മാത്രമല്ല മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശങ്ങളിൽ ചിലവ അടർത്തിമാറ്റിയാണ് കേരള സർക്കാർ ഉത്തരവിറക്കിയിട്ടുള്ളത്.

മതിയായ ചികിത്സാ സംവിധാനങ്ങളോ ചികിത്സ നടത്താനുള്ള പണമോ ഇല്ലാതെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ബന്ധുക്കൾ വലയുകയാണ്. ശരിയായ ചികിത്സ കിട്ടിയാൽ ഭേദപ്പെടാവുന്ന പല അസുഖങ്ങളും ഇതുകാരണം ഗുരുതരമായ അവസ്ഥയിലേക്ക് ചെന്നെത്തുകയാണ്. ചികിത്സയ്ക്കായി ബാങ്കിൽ നിന്നും കടമെടുത്ത തുക തിരിച്ചടക്കുന്നതിന് സർക്കാർ നൽകിയ മൊറട്ടോറിയം 2012 മാർച്ച് 31ഓടെ അവസാനിച്ചിരിക്കുന്നു. പണം തിരിച്ചടക്കുന്നതിനായി ബാങ്കുകൾ കുടുംബങ്ങളെ സമീപിച്ചിരിക്കുകയാണ്. ഇല്ലെങ്കിൽ ജപ്തി നടപടികളിലേക്ക് തിരിയേണ്ടി വരുമെന്നാണ് ബാങ്ക് അധികൃതർ പറയുന്നത്. മരണപ്പെടുന്നവരുടെ കൃത്യമായ കണക്കുകൾ രേഖപ്പെടുത്താതിരിക്കുന്നതും 11 ഗ്രാമങ്ങൾക്ക് പുറത്തുള്ള ദുരിതബാധിതരെ ലിസ്റ്റിൽ ഉൾപ്പെടുത്താതും ഒക്കെ നാട്ടുകാരെ സംബന്ധിച്ചിടത്തോളം വിഷമവൃത്തത്തിലാക്കിയിരിക്കുകയാണ്. ഇത്തരമൊരു പശ്ചാത്തലത്തിലാണ് 18ഓളം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എൻഡോസൾഫാൻ ദുരിതബാധിതരുടെ അമ്മമാർ സത്യാഗ്രഹം ആരംഭിച്ചിരിക്കുന്നത്.

എൻഡോസൾഫാൻ ദുരിതബാധിതർ കാസർഗോഡ് കലക്ടറേറ്റിന് മുന്നിൽ സത്യാഗ്രഹം അനുഷ്ഠിച്ചിരുന്ന വേളയിൽ കാസർഗോഡ് പര്യടനം നടത്തിയ മുഖ്യമന്ത്രി സത്യാഗ്രഹ പന്തലിനു മുന്നിലൂടെ കടന്നുപോയിട്ടുപോലും ദുരിതമനുഭവിക്കുന്ന അമ്മമാരെ സന്ദർശിക്കാൻ കൂട്ടാക്കിയില്ലെന്ന വിമർശനം നാട്ടുകാർക്കിടയിൽ ഉയർന്നുവന്നു. ജൂൺ 12ാം തീയ്യതി എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ പത്തോളം പ്രവർത്തകർ മുഖ്യമന്ത്രിയുമായി തിരുവനന്തപുരത്തുവെച്ച് കൂടിക്കാഴ്ച നടത്തി. ഈ ചർച്ചയിൽ മുഖ്യമന്ത്രിയെ കൂടാതെ കെ.പി.സി.സി അദ്ധ്യക്ഷനും പങ്കെടുത്തു. ചികിത്സയ്ക്കായി ബാങ്കിൽ നിന്നെടുത്ത കടം തിരിച്ചടക്കാൻ സാധിക്കാത്തതിനാൽ അവ എഴുതിത്തള്ളാനുള്ള സംവിധാനം ഉണ്ടാക്കണം എന്നായിരുന്നു ചർച്ചയ്ക്കായ് ചെന്നവരുടെ ഒരാവശ്യം.

എന്നാൽ ഒരു കാരണവശാലും കടം എഴുതിത്തള്ളുകയില്ലെന്ന തികച്ചും ധിക്കാരപരമായ മറുപടിയായിരുന്നു ലഭിച്ചത്. ഈ മറുപടി നൽകിയതാകട്ടെ ഭരണപരമായ യാതൊരു അധികാരവുമില്ലാത്ത കെ.പി.സി.സി. അദ്ധ്യക്ഷനും! എൻഡോസൾഫാൻ വിതച്ച മാരകമായ രോഗങ്ങൾ ചികിത്സിക്കാനാവശ്യമായ വിദഗ്ദ്ധ ഡോക്ടർമാരുടെ അഭാവം കാസർഗോഡുകാർ അനുഭവിക്കുന്നുണ്ട്. മതിയായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണമെന്ന ജനങ്ങളുടെ ആവശ്യത്തോട് സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രി പ്രതികരിച്ചത്, കാസർഗോഡേക്ക് വരാൻ ഡോക്ടർമാർ തയ്യാറല്ലെന്ന് പറഞ്ഞായിരുന്നു!! സംസ്ഥാനത്തെ ഡോക്ടർമാരെ നിയന്ത്രിക്കാൻ ഇവർക്കാകുന്നില്ലെങ്കിൽ ഇവരൊക്കെ ഭരിക്കുന്നതെന്തിനാണെന്നാണ് കാസർഗോഡുള്ള ജനങ്ങൾ ചോദിക്കുന്നത്. കാസർഗോഡുനിന്നും തിരുവനന്തപുരം വരെ യാത്ര ചെയ്ത് തങ്ങളുടെ ദുരിതങ്ങൾ പറയാനെത്തിയ ജനങ്ങളെ ചർച്ചയുടെ മുഴുവൻ സമയവും ഒന്നിരിക്കാൻ പറയാനുള്ള സാമാന്യമര്യാദപോലും മുഖ്യമന്ത്രി കാണിക്കുകയുണ്ടായില്ല. സാം പിത്രോഡയെന്ന സാങ്കേതികജ്ഞൻ കേരളം സന്ദർശിച്ചപ്പോൾ ആനയും അമ്പാരിയുമായി ചെന്ന് സ്വീകരിച്ച അതേ ആൾക്കാർ തന്നെയാണിവർ.

## എൻഡോസൾഫാൻ പീഡിത ജനകീയമുന്നണി കേരള സർക്കാരിനു മുന്നിൽ വച്ച 18 ആവശ്യങ്ങൾ

1. മതിയായ ചികിത്സ ലഭിക്കാനാവശ്യമായ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുക. ബഹുമുഖ ചികിത്സാരീതികൾ നടപ്പിലാക്കുക
2. ദുരന്തബാധിതരുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളുക
3. മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കുക
4. ട്രിബ്യൂണൽ സ്ഥാപിക്കുക
5. കുറ്റവാളികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരിക. മാതൃകാപരമായി ശിക്ഷിക്കുക.
6. അർഹരായ മുഴുവൻ രോഗികളെയും ലിസ്റ്റിൽ ഉൾപ്പെടുത്തുക
7. മണ്ണിനെയും പ്രകൃതിയെയും തിരിച്ചുപിടിക്കാൻ ജൈവപുനഃസ്ഥാപനത്തിന് ആവശ്യമായ ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക.
8. മരണപ്പെട്ടവരുടെ കൃത്യമായ കണക്കുകൾ ശേഖരിക്കുക
9. മരണമടഞ്ഞവരുടെ കുടുംബത്തിന് 10ലക്ഷം രൂപ നൽകുക
10. മരണമടഞ്ഞവരുടെ, ദുരിതബാധിതരുടെ കുടുംബത്തിലെ ഒരംഗത്തിന് ജോലി ലഭ്യമാക്കുക.
11. പെൻഷൻ തുക 10,000 രൂപയാക്കുക
12. ദുരിതബാധിതരുടെ സഹായികൾക്ക് പ്രതിമാസം 5,000 രൂപ നൽകുക
13. ശാസ്ത്രീയവും പ്രായോഗികവുമായ രീതിയിൽ പുനരധിവാസം ഏറ്റെടുക്കുക.
14. പി.സി.കെ ഭൂമി ദുരിതബാധിതർക്കും പി.സി.കെ തൊഴിലാളികൾക്കും ആദിവാസികൾക്കും ഭൂരഹിതർക്കും ജൈവകൃഷി നടത്താൻ പതിച്ചുനൽകുക.
15. പി.സി.കെ തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള അവകാശങ്ങൾ അനുവദിക്കുക.
16. കാസറഗോഡ് ജില്ലയെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയായി പ്രഖ്യാപിക്കുക.
17. ബഡ്സ് സ്കൂളിലെ ജീവനക്കാർക്ക് സർക്കാർ ജോലി ചെയ്യുന്നവർക്കുള്ള അടിസ്ഥാന ശമ്പളം നൽകുക.
18. ഗോഡൗണുകളിലെ എൻഡോസൾഫാൻ നീക്കം ചെയ്യുക, നിർവ്വീര്യമാക്കുക.